കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി6-1083 /2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

തീയതി, 24/06/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂയപ്പള്ളിഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1 ഖണ്ഡികയിലേയ്ക്കും, ഭാഗം 3-ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക്

അയച്ച തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി6-1083/2017
തീയതി:2/06/2017

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 31-03-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01/06/17 മുതൽ 13/06/17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.ചന്ദ്രപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.എസ്.ശരത് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എം. ഹംസാ റാവുത്തർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി. ഇ.അമ്മിണിഅമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ.ബാലചന്ദ്രൻ നായർ | 01.04.2016 മുതൽ 01.09.2016 വരെ |
| | ശ്രീമതി. വി.എഫ്.നസീമ | 02.09.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.ഐ.ജോൺ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷീജാമോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗായത്രി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റ്റി.അമ്പിളി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. അപ്സര | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുനിതാ ശിവദാസൻ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എ.നസിയ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. മുരളി.എം.പിള്ള. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് ക്രമവൽകരണം കൂടാതെ നമ്പർ അനുവദിച്ചു നൽകി | 2-1 |

| | | |
|---|---|---|
| | | |
| 13 | ലേലം തുക ഒടുക്കിയതിൽ കാലതാമസം- പിഴ ഇടാക്കിയിട്ടില്ല | 2-2 |
| 14 | മുറിച്ച മാറ്റിയ മരങ്ങൾ നാളിതുവരെ ലേലം ചെയ്തിട്ടില്ല- പഞ്ചായത്തിന ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല | 2-3 |
| ഭാഗം 3 | | |
| 15 | തെരുവ് വിളക്കുകളുടെ പരിപാലനം- പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിന വിപരീതമായി പദ്ധതി നടപ്പിലാക്കി | 3-1 |
| 16 | തെരുവ് വിളക്കുകളുടെ മെയിൻ്റനൻസ്-പ്രവൃത്തി ചെയ്യാത്ത ദിവസങ്ങളിൽ തുക അനുവദിച്ച നൽകി- 32300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-2 |
| 17 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 18 | പ്രത്യേക ഘടക പദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-4 |
| 19 | ആശുപത്രികളിലേയ്ക്ക് മരുന്ന വാങ്ങൽ പദ്ധതി - ചെവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല | 3-5 |
| 20 | വാട്ടർ അതോറിറ്റിയുമായുള്ള ഡെപ്പോസിറ്റ് വർക്കുകൾ- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-6 |
| 21 | വായനക്കൂട്ടം - തളിർ മാസിക എല്ലാ മാസങ്ങളിലേക്കും വിതരണം നടത്തിയില്ല | 3-7 |
| 22 | കൺവീനർ ഹാജരാക്കിയ ബില്ലുകൾ പരിഗണിക്കാതെ, എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു- നിരാകരിക്കുന്ന തുക-81621/- രൂപ | 3-8 |
| 23 | പെൺകുട്ടികൾക്ക് ഷീ പാഡ് - പദ്ധതി വർഷം അവസാനിച്ചിട്ടും | 3-9 |

| | | |
|---|---|---|
| | പാഡ് വിതരണം നടത്തിയില്ല | |
| ഭാഗം 4 | | |
| 24 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27/12/2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 09-06-2017 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 12-06-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

ന്യൂനതകളുടെ സംഗ്രഹം

1.2016-17 വർഷം ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ 2500/- രൂപയുടെ അഡ്വാൻസ് വരവുണ്ട്. എന്നാൽ 1500/- രൂപ മാത്രമേ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

2. 2016-17 വർഷം മാർക്കറ്റ് വരവിനത്തിൽ ആകെ 194275/- രൂപയാണുണ്ടായിരുന്നത്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ 196650/- രൂപ ഈ ഇനത്തിൽ വരവായി കാണിച്ചിരിക്കുന്നു.

3.ലേലം ഇനത്തിൽ 2017-18 വർഷത്തേക്ക് 200850/- രൂപയുട അഡ്വാൻസ് വരവുണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല.

4. 2016-17 വർഷം ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്കായി വൗച്ചർ പ്രകാരം 3308636/- രൂപയുടെ ചെലവുകൾ നടന്നിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 1144197/-രൂപയുടെ ചെലവുകൾ മാത്രമേ ചേർത്തിട്ടുള്ളൂ.
5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
6.ടോട്ടൽ സാനിട്ടേഷൻ കാംമ്പയിൻ അക്കൗണ്ടിൽ 675400/-രൂപയുടെ നീക്കിയിരിപ്പ്, ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടോട്ടൽ സാനിട്ടേഷൻ കാംമ്പയിൻ അക്കൗണ്ട് സൂക്ഷിക്കുന്നതിനായി എസ്.ബി.റ്റി. യിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ നിലവിൽ ബാലൻസ് ഇല്ല.
7.സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനു വേണ്ടി 499945/-രൂപ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ 502495/- രൂപ എന്നു കാണിച്ചിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7704759.52 |
| വരവ് | 48605795.00 |
| ആകെ | 56310554.52 |
| ചെലവ് | 45429622.00 |
| നീക്കിയിരിപ്പ് | 10880932.52 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 9510177 | 9510177 | 9510177 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4685106 | 4685106 | 4685106 | 0 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4074305 | 4074305 | 4074305 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 2658181 | 2658181 | 2658181 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4831885 | 4831885 | 4831885 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2270348 | 2270348 | 2270348 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 0 | 1254650 | 1254650 | 1239710 | 14940 |
| ബി ഫണ്ട് | 0 | 21664360 | 21664360 | 21664360 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 42699595 | 97 | 22076443 | ഇല്ല | 40 | 70 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2636374 | 4028526 | 1392152 | |
| നികുതിയേതര വരവുകൾ | 831896 | 1087461 | 255565 | |
| മറ്റ് വരവുകൾ | 7384507 | 8130501 | 745994 | |

| | | | | |
|---|---|---|---|---|
| ആകെ | 10852777 | 13246488 | 2393711 | 22 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 313200 | 204 |
| കർഷക തൊഴിലാളി പെൻഷൻ | 1725200 | 1020 |
| വിധവാ പെൻഷൻ | 6998240 | 1020 |
| വാർദ്ധക്യകാല പെൻഷൻ | 8356260 | 1368 |
| വികലാംഗ പെൻഷൻ | 3561300 | 328 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12/06/2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7528/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമതയില്ല. പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളിൽ എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് വാങ്ങുന്നില്ല. തെരുവ് വിളക്കുകൾക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.05.2017 | 03/2017 | ഇല്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2014 മുതൽ 15.02.2014 വരെ | 2008-2009 മുതൽ 2012-2013 വരെ | 21.03.2014 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് സെക്രട്ടറി യാതൊരു ക്രമവൽകരണവും കൂടാതെ നമ്പർ അനുവദിച്ചു നൽകി

2011ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്തിനുള്ളിൽ പണികഴിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് മേൽ യാതൊരു വിധത്തിലുമുള്ള ക്രമവൽകരണ നടപടികളും സ്വീകരിക്കാതെ സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചു നൽകിയിരിക്കുന്നു. കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02/12/2015ൽ പുറത്തിറക്കിയിട്ടുള്ള 12900/ആർ.എ1./2015 ത.സ്വ.ഭ.വ. എന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന് ഫയൽ പരിശോധനകളിൽ നിന്നും വ്യക്തമായി. പരിശോധനയിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങളെ പറ്റിയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓയൂർ മുസ്ലീം ജമാ അത്ത്, പയ്യക്കോട്, ഓയൂർ എന്ന പള്ളികമ്മിറ്റിക്ക് വാർഡ് 11 ൽ 914.01 ച.മീ. വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം പണിയുന്നതിനു 31/07/2014 ൽ G020602-41/2014 എന്ന നമ്പരിൽ ബിൽഡിംഗ് പെർമിറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. പ്രൊപ്പോസ്ഡ് പ്ലാൻ ജില്ലാ ൌൺ പ്ലാനർക്ക് അയച്ചു നൽകുകയും ആയത് അംഗീകരിച്ചുകൊണ്ട് അദ്ദേഹം 22.07.14-ൽ നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.അമ്മിണി അമ്മ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുള്ളത്. എന്നാൽ 2011ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(a) പ്രകാരം കെട്ടിട പെർമിറ്റ് നൽകുന്നതിനു മുൻപ് അഗ്നിശമന ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സർട്ടിഫക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ സർട്ടിഫിക്കറ്റിന്റെ അഭാവത്തിലാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചു നൽകിയിരിക്കുന്നത്. നിർമ്മാണം പൂർത്തിയാക്കാത്ത ഓഡിറ്റോറിയത്തിനു നമ്പരിട്ടു നൽകിയത് ഗുരുതരമായ ചട്ട ലംഘനമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

ഓഡിറ്റോറിയത്തിന്റെ പണി പൂർത്തിയാക്കി സെക്രട്ടറി, മുസ്ലീം ജമാ അത്ത്, പയ്യക്കോട്, ഓയൂർ കെട്ടിട നമ്പരിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ കംപ്ലീറ്റഡ് പ്ലാൻ പ്രകാരം ആകെ നിർമ്മിത വിസ്തീർണ്ണം 1301.67 ച.മീ. ആണ്. പെർമിറ്റഡ് പ്ലാനിൽ നിന്നും

അധികമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾക്ക് മേൽ യാതൊരു ക്രമീകരണ നടപടികളും സ്വീകരിക്കാതെ മേൽ ഓഡിറ്റോറിയത്തിന്ന സെക്രട്ടറി 14/02/2017 ൽ XI/747 എന്ന നമ്പർ അനുവദിച്ചു നൽകിയിരിക്കുന്നു. ചട്ടം 57(1) പ്രകാരം ആകെ നിർമ്മിത വിസ്തീർണ്ണം 1000 ച.മീ. മുകളിലുള്ള കെട്ടിടങ്ങളുടെ ലേ ഔട്ടിന്ന അംഗീകാരം നൽകേണ്ടത് ചീഫ് ഠൗൺ പ്ലാനിംഗ് ഓഫീസർ ആണ്. എന്നാൽ സെക്രട്ടറി ഇത്തരം ചട്ടങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. കംപ്ലീറ്റഡ് പ്ലാൻ എൻജിനീയറിംഗ് വിഭാഗത്തെ കൊണ്ടു പരിശോധിപ്പിക്കുകയോ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണോ അല്ലയോ എന്ന റിപ്പോർട്ടോ സെക്രട്ടറി വാങ്ങിയിട്ടില്ല. അതിനു പകരം സെക്രട്ടറി നേരിട്ട് നിർമ്മാണം പരിശോധിച്ച് ഓഡിറ്റോറിയം കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചാണ് പണിതിരിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇതു മേൽ സർക്കുലറിനു വിരുദ്ധമാണ്. ഇതു സംബന്ധിച്ച് 09.06.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7 നൽകിയതിന്, കെട്ടിടം പരിശോധിച്ചിട്ടുള്ള എൻജിനീയറിംഗ് വിഭാഗം മേൽ കെട്ടിടം നാളിതുവരെ പൂർത്തി- യായിട്ടില്ലായെന്ന മറുപടി നൽകിയിട്ടുണ്ട്.

2. ശ്രീ.ഷഫീക്ക് സേഠ്, ഫർഹാന മൻസിൽ, ഇരവിപുരം എന്ന വ്യക്തിക്ക് വാർഡ് 1 ൽ 90 ച.മീ. വിസ്തീർണ്ണത്തിൽ വാണിജ്ജ്യാവശ്യത്തിനുള്ള ഒരു ഷെഡ് പണിയുന്നതിനായി 10.08.16 ൽ A3-52/2016-17 എന്ന നമ്പരിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുള്ളതാണ്. പണി പൂർത്തിയാക്കി നമ്പരിംഗിനായി ഇദ്ദേഹം സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ കംപ്ലീറ്റഡ് പ്ലാൻ പ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ളത് 345.58 ച.മീ. വിസ്തീർണ്ണമുള്ള ഷെഡ് ആണ്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങൾ ക്രമീകരിക്കാതെ സെക്രട്ടറി മേൽ കെട്ടിടത്തിനു I/685 എന്ന നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചിട്ടുള്ളതിൽ നിന്നും മധുര പലഹാര നിർമ്മാണത്തിനായി 345.58 ച.മീ. വിസ്തീർണ്ണത്തിൽ പണി കഴിപ്പിച്ചിട്ടുള്ള മേൽ കെട്ടിടം 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം G1 ഗണത്തിൽ ഉൾപ്പെടുന്നതാണ്. ചട്ടം 59(1) പ്രകാരം 700 ച.മീ. വരെ തറ വിസ്തീർണ്ണം വരുന്ന ഇത്തരം കെട്ടിടങ്ങളുടെ ലേ ഔട്ടിന്ന അംഗീകാരം നൽകേണ്ടതു ജില്ലാ ഠൗൺ പ്ലാനർ ആണ്. ചട്ടം 11(a) പ്രകാരം കെട്ടിട പെർമിറ്റ് നൽകുന്നതിനു മുൻപ് അഗ്നി ശമന ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ നടപടി ക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് സെക്രട്ടറി കെട്ടിടത്തിനു പെർമിറ്റ് അനുവദിച്ചു നൽകിയതും അതിനു ശേഷം കെട്ടിട നമ്പർ അനുവദിച്ചു നൽകിയതും. കംപ്ലീറ്റഡ് പ്ലാൻ എൻജിനീയറിംഗ് വിഭാഗത്തെ കൊണ്ടു പരിശോധിപ്പിക്കുകയോ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണോ അല്ലയോ എന്ന റിപ്പോർട്ടോ സെക്രട്ടറി വാങ്ങിയിട്ടില്ല.

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02/12/2015 ൽ പുറത്തിറക്കിയിട്ടുള്ള 12900/ആർ.എ1./2015 ത.സ്വ.ഭ.വ. എന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ യാതൊന്നും തന്നെ സെക്രട്ടറി പാലിച്ചിട്ടില്ല. അപേക്ഷാ ഫയലുകൾക്ക് നോട്ട് ഭാഗവും, കറസ്പോണ്ടൻസ് ഭാഗവും

ഉണ്ടായിരിക്കേണ്ടതും ഇവയിലെ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ രേഖകൾ, മറ്റു രേഖകൾ എന്നിവ രേഖപ്പെടുത്തി ഫയലുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. കുറിപ്പുകൾ അപേക്ഷയിൽ എഴുതുന്ന രീതി ഒഴിവാക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. അപേക്ഷകളിൽ സൈറ്റ് പ്ലാനും പരിശോധിച്ച് കെട്ടിട നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണോ എന്ന എൻജിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചു നൽകിയതുവഴി സെക്രട്ടറി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തിരിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് തുടർ അന്വേഷണങ്ങൾ നടത്തേണ്ടതാണ്.

മേൽ കെട്ടിടങ്ങളെ അടിയന്തിരമായി അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തേണ്ടതും കെട്ടിടങ്ങൾ ക്രമവൽകരിക്കുന്നതിനായി കെട്ടിട ഉടമകൾക്ക് കത്ത് നൽകേണ്ടതുമാണ്. കെട്ടിടങ്ങൾ ക്രമവൽകരിക്ക- പ്പെടുന്നതുവരെ ഈ കെട്ടിടങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ)(എ) പ്രകാരം അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട കെട്ടിട നികുതി വസൂലാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 ലേലം തുക ഒടുക്കിയതിൽ കാലതാമസം- പിഴ ഇടാക്കിയിട്ടില്ല

2016-17 വർഷത്തേക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തിൽ കൊണ്ടിട്ടുള്ള ശ്രീ.അലക്സാണ്ടർ, മേലേപ്പുര പടിഞ്ഞാറ്റതിൽ, പൂയപ്പള്ളി എന്ന വ്യക്തി ലേല നിബന്ധനകൾ പ്രകാരം, ലേലത്തുക ലേലം താൽക്കാലികമായി ഉറപ്പിച്ചിട്ടുള്ള തീയതിയിൽ ഒടുക്കിയിട്ടില്ല. ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പല ഗഡുക്കളായി തുക ഒടുക്കിയിട്ടുള്ള മേൽ വ്യക്തിയിൽ നിന്നും നാളിതുവരെ പിഴ ഈടാക്കിയിട്ടില്ല.

ലേല വ്യവസ്ഥകളിലെ ക്രമ നം. 4 പ്രകാരം ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്ന ആൾ അന്നേ ദിവസം തന്നെ ലേലത്തുക ഒന്നായി പഞ്ചായത്തിൽ കെട്ടിവയ്ക്കേണ്ടതാണന്ന് നിബന്ധനയുണ്ട്. 10.03.2016 ൽ നടന്ന മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം താത്കാലികമായി ഉറപ്പിച്ചു കിട്ടിയ ശ്രീ.അലക്സാണ്ടർ അന്നേ ദിവസം 5000/-രൂപ മാത്രമാണ്(രസീത് നം. 11501103177) ഒടുക്കിയിട്ടുള്ളത്. ബാക്കി തുക ഒടുക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അടച്ച തുക | രസീത് നം. & തീയതി |
|---|---|
| 2500 | 11501103469/23.03.16 |
| 4000 | 11601103070/11.01.17 |
| 2150 | 11601103512/21.02.17 |

ലേല നിബന്ധനകൾക്ക് വിരുദ്ധമായി തുക ഒടുക്കിയിട്ടുള്ളതിന് മേൽ വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടുള്ള പിഴയുടെ വിശദാംശങ്ങൾ സംബന്ധിച്ച് 13.06.17 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം. 11-ന്, ഈ വ്യക്തിയിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 മുറിച്ചു മാറ്റിയ മരങ്ങൾ നാളിതുവരെ ലേലം ചെയ്തിട്ടില്ല- പഞ്ചായത്തിനു ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല.

തച്ചക്കോട് വാർഡിലെ റോഡുവക്കിൽ അപകടാവസ്ഥയിൽ നിന്നിരുന്ന ഇലവു മരം, പുന്നക്കോട് വാർഡ് 14 ലെ അംഗൻവാടി കെട്ടിടത്തിനു മുകളിലേക്ക് ചാഞ്ഞു നിന്നിരുന്ന മരം എന്നിവ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് 2016-17 വർഷം മുറിച്ചു മാറ്റിയിരുന്നു. എന്നാൽ ഇവ നാളിതുവരെ ലേലം ചെയ്തിട്ടില്ല. തൻമൂലം ലേലം ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെട്ടു.

തച്ചക്കോട് വാർഡിലെ റോഡുവക്കിൽ അപകടാവസ്ഥയിൽ നിന്നിരുന്ന ഇലവു മരം മുറിച്ചു മാറ്റുന്നതിനു 4000/- രൂപയും (ചെക്ക് നം.18313/ 23.06.16) പുന്നക്കോട് വാർഡ് 14 ലെ അംഗൻവാടി കെട്ടിടത്തിനു മുകളിലേക്ക് ചാഞ്ഞു നിന്നിരുന്ന മരം മുറിച്ചു മാറ്റുന്നതിനു 1500/- രൂപയും (ചെക്ക് നം.18328/ 29.06.16) ചെലവഴിച്ചു. ഈ മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 07/06/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 03-ന് മറുപടിയായി ലേല നടപടികൾ നടത്തിയിട്ടില്ലായെന്നും മരങ്ങൾ നിലവിൽ ചിതലരിച്ചു പോയിട്ടുള്ളതിനാൽ അംഗൻവാടികൾക്ക് തീയെരിക്കാൻ നൽകി എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഉത്തരവാദിത്തപ്പെട്ടവരുടെ കൃത്യ നിർവഹണത്തിലെ അനാസ്ഥ മൂലം പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെട്ടു. മരങ്ങൾ മുറിച്ച അവസരത്തിൽ തന്നെ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ഈ നഷ്ടം ഒഴിവാക്കാമായിരുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ പരിപാലനം- പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനു വിപരീതമായി പദ്ധതി നടപ്പിലാക്കി-31200/- രൂപ തടസ്സപ്പെടുത്തുന്നു

തെരുവ് വിളക്കുകളുടെ പരിപാലനത്തിന് അനുയോജ്യ മാതൃകയായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള "അടാട്ട് മാതൃക" ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ഇറക്കിയിട്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ലംഘിച്ച് പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2016-17 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "തെരുവ് വിളക്ക് മെയിന്റനൻസ്" എന്ന പ്രോജക്ടിൽ(പ്രോജക്ട് നം. S0041/17) നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ്

നടത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി യോഗ്യതയുള്ള ഇലക്ട്രീഷ്യൻമാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ട് 30/06/2016-ൽ പത്ര പരസ്യം നൽകിയിരുന്നു. പരസ്യത്തിൽ ക്വട്ടേഷൻ സമർപ്പിക്കു-ന്നതിനുള്ള അവസാന തീയതി അന്നേ ദിവസം തന്നെ അവസാനിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പരസ്യം നൽകിയ ശേഷം ക്വട്ടേഷൻ സമർപ്പിക്കുന്നതിനു ചുരുങ്ങിയത് 7 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്. എന്നാൽ ഈ സമയക്രമം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. അന്നേ ദിവസം ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.സി.വി.ഏംഗൽസ്, ലെനിൻ ഓഡിയോ, ചാത്തന്നൂർ എന്ന വ്യക്തിയുമായി പഞ്ചായത്ത് പോസ്റ്റ് ഒന്നിന് 70/- രൂപാ ക്രമത്തിൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിനായി 29/07/2016-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വ്യക്തിക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകിയിട്ടുള്ള ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വ്യക്തിക്ക് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിനുള്ള വാഹന സൗകര്യം ഒരുക്കുന്നതിനായി ശ്രീ.സുജിത്ത്, സുധാഭവൻ, ഇടനാട് പി.ഒ., എന്നയാളുടെ KL-02-AH-1018 എന്ന പിക്ക് അപ്പ് വാൻ ദിവസേന 650/- രൂപാ നിരക്കിൽ വാടകയ്ക്ക് എടുത്തിട്ടുള്ളതായും ഫയലിൽ കാണിച്ചിട്ടുണ്ട്. എന്നാൽ വാഹനം വാടകയ്ക്കെടുക്കുന്നതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. കൂടാതെ ശ്രീ.സുജിത്തിന്റെ പേരിലുള്ള KL-02-AH-1018 എന്ന വാഹനം പിക്ക് അപ്പ് വാൻ അല്ലായെന്നും മറിച്ച് പാസഞ്ചർ ഓട്ടോ ആണെന്നും കേരളാ മോട്ടോർ വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും അറിയുവാൻ സാധിച്ചു.

തെരുവ് വിളക്ക് മെയിന്റനൻസിന് ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ശ്രീ.സി.വി.ഏംഗൽസ് എന്ന വ്യക്തി 02/08/2016 മുതൽ 03/09/2016 വരെ മൂന്ന് ടീമുകളായി തിരിഞ്ഞ് ഗ്രാമ പഞ്ചായത്തിലെ 1259 പോസ്റ്റുകളിൽ ബൾബുകളും ഹോൾഡറുകളും ചോക്കും മാറിയിട്ടുള്ളതായി കാണിച്ച് 79317/- രൂപാ (ചെക്ക് നം. 18831/09.09.16) കൈപ്പറ്റിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. യുമായി നടത്തിയിട്ടുള്ള സംയുക്ത പരിശോധനയിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആകെ പോസ്റ്റുകളുടെ എണ്ണം 1786 ആണ്. ഗ്രാമ പഞ്ചായത്തിലെ ഏതാണ്ട് 70 ശതമാനത്തോളം വിളക്കുകളും പ്രവർത്തന രഹിതമായി കിടന്നിരുന്നുവെന്നാണ് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ശ്രീ.സുരേന്ദ്രൻ, ശ്രീ.സോമൻ എന്നീ കരാർ തൊഴിലാളികളെ 27/06/2016 വരെ ദിവസ വേതനാടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും നിയമിച്ചിരുന്നു. അവർ 27/06/16 വരെ ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവു വിളക്കുകളുടെ മെയിന്റനൻസ് നടത്തുകയും കൃത്യമായി വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. അതിനു ശേഷം 02/08/2016 മുതൽ 03/09/2016 വരെ ഗ്രാമ പഞ്ചായത്തിനുള്ളിലെ ഏകദേശം 70 ശതമാനത്തോളം തെരുവു വിളക്കുകളിൽ വീണ്ടും മെയിന്റനൻസ് നടത്തപ്പെട്ടു വെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. തുടർന്ന് 17.02.17 ൽ 922 പോസ്റ്റുകളിലെ തെരുവ് വിളക്കുകൾ

അറ്റകുറ്റ പണി നടത്തിയിട്ടുള്ളതായി കാണിച്ച് തൊഴിൽ കൂലി ഇനത്തിൽ 64540/-രൂപ ശ്രീ.സി.വി.ഏംഗൽസ് എന്ന വ്യക്തിക്ക് പഞ്ചായത്തിൽ നിന്നും മാറി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.15 ലെ ജി.2-44274/2015 നമ്പർ ഉത്തരവു പ്രകാരം സെക്രട്ടറി തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഒരു കംപ്ലെയിന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും ആയതിൻ പ്രകാരം ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തപ്പെടേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 12/06/17 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം. 9-ന് മറുപടിയായി അപൂർണ്ണമായ ഒരു കംപ്ലയിന്റ് രജിസ്റ്റർ ഹാജരാക്കിയിരുന്നു. രജിസ്റ്റർ പരിശോധനയിൽ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ സെക്രട്ടറി കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ മേൽ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി സ്വന്തമായി വാഹനം വാങ്ങിക്കാൻ കഴിയാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകൾ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായ ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി മേൽ ദിവസങ്ങളിൽ പരിമിതപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നടപടിക്രമങ്ങൾ ഒന്നും തന്നെ സെക്രട്ടറി പാലിച്ചിട്ടില്ല. പകരം പഞ്ചായത്തുമായി വാഹന കരാറിൽ ഏർപ്പെട്ടിട്ടുള്ള ശ്രീ.സുജിത്ത് എന്ന വ്യക്തിയിൽ നിന്നും ദിവസേന 650/- രൂപ നിരക്കിൽ രണ്ടു വാഹനങ്ങൾ(KL-02-AD-474, KL-02-AL-8195) കൂടി വാടകയ്ക്ക് എടുത്തിരിക്കുന്നു. ഇവയും പിക്ക് അപ്പ് വാഹനങ്ങൾ അല്ലായെന്നും മറിച്ച് പാസഞ്ചർ ഓട്ടോകൾ ആണെന്നും കേരളാ മോട്ടോർ വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും അറിയുവാൻ സാധിച്ചു. മാത്രമല്ല, തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി അധികമായി 2 വാഹനങ്ങൾ കൂടി വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച യാതൊരു തീരുമാനവും പഞ്ചായത്ത് കമ്മിറ്റിയിൽ കൈകൊണ്ടിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനു വിരുദ്ധമായും പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെയും തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിനായി അധികമായി വാടകയ്ക്കെടുത്ത 2 വാഹനങ്ങൾക്ക് ദിവസം 650/- രൂപ ക്രമത്തിൽ 08/08/2016 മുതൽ 03/09/2016 വരെ പ്രവൃത്തി നടന്നിട്ടുള്ള 24 ദിവസത്തേക്ക് നൽകിയിട്ടുള്ള 31200/-രൂപ(2x650 x24) (ചെക്ക് നം. 18832/09.09.16) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ കമ്മിറ്റി തീരുമാനവും കൃത്യമായ രേഖകളും ഹാജരാക്കി മേൽ പരാമർശം ഒഴിവാക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്തപ്പെടുന്ന വൈദ്യുതോപകരണങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അനുബന്ധ രേഖകളടക്കം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**3-2** തെരുവ് വിളക്കുകളുടെ മെയിന്റനൻസ്-പ്രവൃത്തി ചെയ്യാത്ത ദിവസങ്ങളിൽ തുക അനുവദിച്ചു നൽകി- **32300/-**രൂപയുടെ ചെലവ് നിരാകരിക്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ശ്രീ.സുന്ദരേശൻ(ദിവസം 700/-രൂപാ നിരക്കിൽ), ഹെൽപ്പറായി നിയമനം ലഭിച്ചിട്ടുള്ള ശ്രീ.സോമൻ(ദിവസം 600/- രൂപാ നിരക്കിൽ), വാഹന വാടകയിനത്തിൽ ഡ്രൈവർ ശ്രീ.രാജു(ദിവസേന 350/- രൂപ നിരക്കിൽ) എന്നിവർക്ക് തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടക്കാത്ത ദിവസങ്ങളിലും വേതനം നൽകിയിരിക്കുന്നതായി പരിശോധയിൽ കണ്ടെത്തി. പ്രവൃത്തി നടന്നിട്ടുള്ള ദിവസങ്ങളിൽ, വാർഡുകളിലെ മെമ്പർമാർ, നടന്നിട്ടുള്ള അറ്റകുറ്റപണികൾ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തുക അനുവദിച്ചു നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന ദിവസങ്ങളിൽ അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളതായി പറയപ്പെടുന്ന വാർഡുകളിലെ വാർഡ് മെമ്പർമാർ അറ്റകുറ്റപണികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ ഈ ദിവസങ്ങളിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി നടന്നിട്ടുള്ളതായി സൂചിപ്പിച്ചിട്ടുള്ള തീയതി | പ്രവൃത്തി നടത്തിയിട്ടുള്ളതായി കാണിച്ചിട്ടുള്ള വാർഡ് | അധികം നൽകിയിട്ടുള്ള വേതനം | ചെക്ക് നം/ തീയതി | ആകെ (രൂപ) |
|---|---|---|---|---|---|
| 1. | 03/05/16 & 04/05/16 | II, VII, XIV | ശ്രീ.സുന്ദരേശൻ 1400/- രൂപ | 18290/ 07.06.16 | 3350 |
| | | | ശ്രീ.സോമൻ 1200/-രൂപ | 18291/ 07.06.16 | |
| | | | ശ്രീ.രാജു 750/-രൂപ | 18292/ 07.06.16 | |
| 2. | തീയതി ഇല്ല | XVI | ശ്രീ.സുന്ദരേശൻ 2800/- രൂപ | 18296/ 17.06.16 | 4200 |
| | | | ശ്രീ.രാജു 1400/-രൂപ | 18297/ 17.06.16 | |

| | | | | | |
|---|---|---|---|---|---|
| 3. | തീയതി ഇല്ല | I, III, IV, V, XV | ശ്രീ.സുന്ദരേശൻ 10500/- രൂപ | 18321/ 29.06.16 | 24750 |
| | | | ശ്രീ.സോമൻ 9000/-രൂപ | 18323/ 29.06.16 | |
| | | | ശ്രീ.രാജു 5250/-രൂപ | 18324/ 29.06.16 | |
| ആകെ | | | | | 32300 |

ഇതു സംബന്ധിച്ച് 07/06/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ വാർഡുകളിലെ മെമ്പർമാരിൽ നിന്നും സാക്ഷ്യപത്രങ്ങൾ വാങ്ങി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ചെയ്യാത്ത ദിവസങ്ങളിൽ അനുവദിച്ചു നൽകിയിട്ടുള്ള 32300/- രൂപ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്ത പ്രവൃത്തികളുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ ബിൽ നമ്പർ | | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|
| 1 | എസ്.0082/2016-2017<br>സ്ട്രീറ്റ് മെയിൻ വലിക്കൽ | | 499945 |
| | ഫണ്ട് | വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | ബിൽ നമ്പർ | 27/2016-2017 | |
| | നിർവ്വഹണ ഏജൻസി | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഓയൂർ 267920/-രൂപ | |

| | | | |
|---|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വെളിയം232025/-രൂപ | |
| | നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി | |
| 2. | എസ്.0106 /2016-2017<br>പ്രധാനമന്ത്രി ആവാസ് യോജന (അധിക വിഹിതം) | | 140000 |
| | ഫണ്ട് | വികസന ഫണ്ട്, തനത് ഫണ്ട് | |
| | നൽകിയിട്ടുള്ളത് | ബി.ഡി.ഒ. ചടയമംഗലം | |
| | ബിൽ നമ്പർ | 34/2016-2017<br>10.03.2017 -134904/-രൂപ<br>10.03.2017 – 5096/-രൂപ | |
| | നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി | |
| 3. | എസ്.0053 /2016-2017<br>പ്രധാനമന്ത്രി ആവാസ് യോജന എസ്.സി.പി<br>(അധിക വിഹിതം) | | 280000 |
| | ഫണ്ട് | വികസന ഫണ്ട്, തനത് ഫണ്ട് | |
| | നൽകിയിട്ടുള്ളത് | ബി.ഡി.ഒ. ചടയമംഗലം | |
| | ബിൽ നമ്പർ | 07/2016-2017 - 19.01.2017 | |
| | നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 04/08.06.2017, 10/12.06.2017 എന്നിവയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് തുക അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 പ്രത്യേക ഘടക പദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതിക്കാരായ +1 വിദ്യാർത്ഥികൾക്ക് പഠനമുറി, തുറന്ന കിണർ നിർമ്മാണം എന്നീ പദ്ധതികളിലാണ് ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(എ) +1 വിദ്യാർത്ഥികൾക്ക് പഠനമുറി

| | |
|---|---|
| പദ്ധതി നമ്പർ | 94/2016-2017 |
| അടങ്കൽ | 1000000/-രൂപ |
| ചെലവ് | 520000/-രൂപ |

ഈ പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആയതിൽ 2 പേർ മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | ബിൽ നമ്പർ/ തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | രാജൻ, കർപ്പൂരം വിള | 13/27.01.2016 | 25000 |
| 2. | മിനി.എസ്, ചരുവിള വീട് | 34/14.03.2017 | 50000 |
| 3. | ശശികല, ആദർശ് ഭവൻ | 39/20.03.2017 | 30000 |
| 4. | ശശിധരൻ | 45/30.03.2017 | 50000 |
| 5 | സുപ്രഭാ ദാസ് | 45/30.03.2017 | 50000 |

| | | | |
|---|---|---|---|
| 6 | സോമൻ, | 45/30.03.2017 | 40000 |
| 7 | ശകുന്തള, കാവുവിള മേലതിൽ | 41/21.03.207 | 40000 |
| 8 | ശശികല, കോയിപ്പുറത്ത് വിള വീട് | 45/30.03.2017 | 35000 |

(ബി). തുറന്ന കിണർ നിർമ്മാണം

| | |
|---|---|
| പദ്ധതി നമ്പർ | 19/2016-2017 |
| അടങ്കൽ | 230000/-രൂപ |
| ചെലവ് | 137000/-രൂപ |

ഈ പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആയതിൽ 4 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | ബിൽ നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | എൻ.സി.രവി, രഞ്ജു ഭവൻ മൈലോട് | 22/21.02.2017 | 10000 |
| 2. | ശോഭന, ലക്ഷംവീട് മരുതമൺ പള്ളി | 15/27.01.2017 | 10000 |
| 3. | കൃഷ്ണൻകുട്ടി, നിരപ്പുവിള വീട്, പയ്യക്കോട് | 30/27.02.2017 | 5000 |
| 4. | സുനി.ബി., വേങ്ങവിള വീട്, ഓട്ടുമല, കാറ്റാടി. | 44/25.03.2017 | 10000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറി നമ്പർ 3/08.06.2017ന് സ്പിൽ ഓവർ പദ്ധതിയായി ഈ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം കിട്ടിയിട്ടുണ്ടെന്നും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നല്കിയ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-5 ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല

### (എ) ഹോമിയോ/ആയുർവേദ ആശുപത്രി

ഹോമിയോ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ വിവിധ മരുന്നു വാങ്ങൽ പദ്ധതികളിൽ ലഭ്യമായതും അല്ലാത്തതുമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക & സ്ഥാപനം | ഇൻവോയ്സ് നമ്പർ & രസീത് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | എസ്.0059/2016-2017 മരുന്ന് വാങ്ങൽ (ഹോമിയോ ആശുപത്രി) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4/21.02.2017 1,00,000/-രൂപ ഹോംകോ | പി.എഫ്-1127/ 25.01.2017 രസീത് നമ്പർ 2718/10.03.2017 | മരുന്ന് ലഭ്യമായിട്ടില്ല |
| 2. | എസ്.0060/2016-17 മരുന്ന് വാങ്ങൽ (ആയുർവേദ ആശുപത്രി) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 18/11.01.2017 5,00,000/-രൂപ ഔഷധി | ഇൻവോയ്സ് നം-18/19.08.2016 ഡി.ഡി.നമ്പർ-677012/12.01.2016 | 181878/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു |
| 3. | എസ്.0061/2016 -17 (വയോജനങ്ങൾക്ക് വേണ്ടി മരുന്നു വാങ്ങൽ) വികസന ഫണ്ട് (ജനറൽ) | ബിൽ നമ്പർ 02/11.01.2017 2,75,000/- രൂപ ഔഷധി | ഇൻവോയ്സ് നം-447/28.12.2017 ഡി.ഡി.നമ്പർ-677013/12.01.2016 | 168991/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു |

| | | | | |
|---|---|---|---|---|
| | | | | |
| 4. | എസ്.0063/2016 -17 (വയോജനങ്ങൾക്ക് വേണ്ടി മരുന്ന വാങ്ങൽ<br>വികസന ഫണ്ട് (ജനറൽ) | ബിൽ നമ്പർ 03/11.01.2017<br>25,000/- രൂപ ഔഷധി. | ഇൻവോയ്സ് നം- 448/29.12.2017<br>ഡി.ഡി.നമ്പർ- 677011/12.01.2016 | 10514/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്ന |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/07.06.2017 ന് മരുന്നുകൾ ലഭ്യമായിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(ബി) പി.എച്ച്.സി - പാലിയേറ്റീവ് കെയർ

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ, പുനർജ്ജനി (പാലിയേറ്റീവ് കെയർ യൂണിറ്റ്) എന്നീ പദ്ധതികൾക്കായി 2016-2017 വർഷം ചെലവാക്കിയ തുകയ്ക്ക് നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ പേര് | ബിൽ നമ്പർ, തുക & സ്ഥാപനം. | ഇൻവോയ്സ് നമ്പർ & തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | പദ്ധതി നമ്പർ 105/2016-17 പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ<br>മെയിന്റനൻസ് ഫണ്ട്<br>(നോൺ റോഡ്) | 4/23.03.2017<br>350000/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | പി.ആർ.എഫ്- 991/21.12.2016 | മരുന്ന് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | | |
| 2. | എസ്.0107/2016-17 പുനർജ്ജനി (പാലിയേറ്റീവ് കെയർ) വികസന ഫണ്ട് | ബിൽ നമ്പർ 04/23.03.2017 305320/- രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | പി.ആർ.എഫ്-991/11.02.2016 | മരുന്ന് ലഭ്യമായിട്ടില്ല |
| | | 74000/-രൂപ ഔഷധിയ്ക്ക് നല്കി. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് NEFT ചെയ്തിട്ടുണ്ട്. (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | പ.ആർ.എഫ്. 3671/17.03.2017 | മരുന്ന് ലഭ്യമായിട്ടില്ല. |
| | | ഔഷധിയ്ക്ക് നൽകിയ 204680/- രൂപ മെഡിക്കൽസർവ്വീസസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് NEFT ചെയ്തിട്ടുണ്ട് (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | പി.ആർ.എഫ്. 2693/20.02.2017 രസീത് ഇല്ല | മരുന്ന് ലഭ്യമായിട്ടില്ല |

അത്യന്തം പരിഗണനയർഹിക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതികളിലേക്കും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ

07/13.06.2017) ലഭിച്ച മറുപടിയിൽ ഹാജരാക്കാതിരുന്ന ഇൻവോയ്സ് ഹാജരാക്കിയതല്ലാതെ മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 വാട്ടർ അതോറിറ്റിയുമായുള്ള ഡെപ്പോസിറ്റ് വർക്കുകൾ- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ വിവിധ പൈപ്പ് ലൈൻ നീട്ടൽ പദ്ധതികളുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.30.07.2014ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) 311/2014 ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15% ത്തിൽ കവിയാത്ത 5 ഗഡുക്കളായും ആണ് നൽകേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി മുഴുവൻ തുകയും മുൻകൂർ നൽകി.

2.ഈ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളിൽ 12.50% സെന്റേജ് ചാർജ്ജ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ അനുബന്ധം 11 പ്രകാരം സെന്റേജ് ചാർജ്ജ് 8% ആണ്. സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

(എ) സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ

| ക്രമ നം. | പദ്ധതി നമ്പർ | ബിൽ നമ്പർ, തുക, ഫണ്ട് | എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക | നൽകാവുന്ന സെന്റേജ് ചാർജ്ജ് @8% |
|---|---|---|---|---|
| 1 | എസ്.0086/2016-2017 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 11/11.01.2017 – 3,00,000 രൂപ വികസന ഫണ്ട്<br>12/11.01.2017 – 2,00,000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,00,000/-രൂപ<br>പ്രവൃത്തി മൂല്യം 4,43,893.55രൂപ<br>സെന്റേജ് ചാർജ്ജ് @ 12.5% - 55,486.69രൂപ<br>അനാമത്ത് ചെലവ് - 619.76രൂപ<br>ആകെ - 5,00,000/-രൂപ | 35,511.84 |

| | | | | |
|---|---|---|---|---|
| | | | | |
| 2 | എസ്.0089/2016-2017 കൊട്ടറ വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 29/25.02.2017<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,00,000/-രൂപ<br>(പത്ത് പ്രവൃത്തികൾ)<br>എസ്റ്റിമേറ്റ് തുക -4,33,965.92രൂപ<br>സെന്റേജ് ചാർജ്ജ്@ 12.5% - 54,245.72രൂപ<br>അനാമത്ത് ചെലവ് - 7225.36രൂപ<br>റോഡ് കട്ടിംഗ് - 4,563/-രൂപ<br>ആകെ - 5,00,000/-രൂപ | 34,717.27 |
| 3 | എസ്.0090/2016-2017 കുന്നും വാരം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 30/25.02.2017 – 1,00,000 രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി മൂല്യം 88,243.81രൂപ<br>സെന്റേജ് ചാർജ്ജ്@ 12.5% - 11,030.48രൂപ<br>അനാമത്ത് ചെലവ് - 725.71രൂപ<br>ആകെ - 1,00,000/-രൂപ | 7059.50 |
| 4 | എസ്.0148/2016-2017 | 49/31.03.2017 – | വിശദമായ എസ്റ്റിമേറ്റ് | |

| | | | |
|---|---|---|---|
| | വിവധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 11,84,228/-രൂപ ലോകബാങ്ക് ധനസഹായം<br>50/31.03.2017 – 2,22,588/- രൂപ,<br>40/20.03.2017<br>10,000/- രൂപ<br>വികസന ഫണ്ട് (ജനറൽ) | നൽകിയിട്ടില്ല |

(ബി) അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി നമ്പർ | ബിൽ നമ്പർ, തുക, ഫണ്ട് | എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക | നൽകാവുന്ന സെന്റേജ് ചാർജ്ജ് @8% |
|---|---|---|---|---|
| 1 | എസ്.0135/2016-17 ചെങ്കുളം - പുന്നക്കോട് ജയന്തി കോളനി കുടിവെള്ള പദ്ധതി | 31/10.03.2017 – 1,50,000/-രൂപ<br>എസ്.സി.പി | ഹൗസ് കണക്ഷൻ ചാർജ്ജ്- 133278.60രൂപ<br>സെന്റേജ് ചാർജ്ജ് @ 12.5% - 16,659.83രൂപ<br>അനാമത്ത് ചെലവ് - 61.57<br>ആകെ - 1,50,000/-രൂപ | 10,662.28 |

| | | | | |
|---|---|---|---|---|
| 2. | എസ്.0023/2016-17<br>എസ്.സി.കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | 29/27.02.2017 –<br>2,00,000/-രൂപ<br>എസ്.സി.പി | പൈപ്പ് ലൈൻ നീട്ടൽ ചാർജ്ജ്- 1,77022.43/-രൂപ<br>സെന്റേജ് ചാർജ്ജ്@ 12.5% - 22,127.80രൂപ<br>അനാമത്ത് ചെലവ് - 849.77രൂപ<br>ആകെ - 2,00,000/-രൂപ | 14,161.79 |
| 3 | എസ്.0167/2016-2017<br>കൊട്ടറ പാലമുക്ക് എസ്.സി.കോളനികളിൽ ഗാർഹിക കണക്ഷൻ | 48/30.03.2017 –<br>4,50,000/-<br>എസ്.സി.പി | ഹൗസ് കണക്ഷൻ ചാർജ്ജ്- 4,36,149/-രൂപ<br>സെന്റേജ് ചാർജ്ജ്@ 12.5% - 54,518.63രൂപ<br>അനാപത്ത് ചെലവ് - 2.38/-<br>ആകെ - 4,90,670 /-രൂപ<br>( 4,50,000 രൂപ മാത്രമേ നൽകിയിട്ടുള്ളൂ) | 34891.92 |

3.വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ചമയ്ക്കാതെ തുക മുൻകൂർ നൽകി.

4.ഉത്തരവിലെ ഖണ്ഡിക നമ്പർ 7 പ്രകാരമുള്ള പാർട്ട് ബില്ലുകൾ, ഫൈനൽ ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

5.പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/12.06.2016 ന് വാട്ടർ അതോറിറ്റിയുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും നൽകിയത് എന്നും, എഗ്രിമെന്റ് ചമച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
സെന്റേജ് ചാർജ്ജ് തിരികെ ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.
സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ സെന്റേജ് ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

## 3-7 <u>വായനക്കൂട്ടം - തളിർ മാസിക എല്ലാ മാസങ്ങളിലേക്കും വിതരണം നടത്തിയില്ല.</u>

പ്രധാനാദ്ധ്യാപകൻ നിർവ്വഹണം നടത്തിയ വായനക്കൂട്ടം(പദ്ധതി നമ്പർ എസ്.0102/ 2016-17) എന്ന പദ്ധതിയിൽ, പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 12 മാസ കാലയളവിലേക്ക് മാസിക വിതരണം നടത്തിയിട്ടില്ല.

കുട്ടികളിൽ വായനാശീലവും സർഗ്ഗ വാസനകളും പരിപോഷിപ്പിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 110000/-രൂപ വകയിരുത്തി കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 612 യു.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് തളിർ മാസിക വാങ്ങി വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഈ ഇനത്തിലേക്ക് ബിൽ നമ്പർ 03/2017 തീയതി 31.03.2017 പ്രകാരം 1,10,000/- രൂപ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊല്ലം പ്രൊമോട്ടേഴ്സ് ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ഒരു കോപ്പിക്ക് 15/- രൂപ നിരക്കിൽ 7344 കോപ്പികളുടെ വിലയായ 1,10,160/- രൂപയുടെ ബില്ല് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊല്ലം പ്രൊമോട്ടർസ് ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. വിതരണ രേഖകൾ പരിശോധിച്ചതിൽ 612 കോപ്പി വീതം 7 മാസത്തേക്ക് വിതരണം നടത്തിയതിന്, ആയത് ലഭിച്ച സ്കൂൾ പ്രധാനാദ്ധ്യാപകരുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ കോപ്പികൾ വിതരണം നടത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/12.06.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുടർ മാസങ്ങളിലേക്കുള്ള തുകയായ 45,900/- രൂപ (612 x 5 x 15 = 45900/- രൂപ) തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പുസ്തകങ്ങൾ വിതരണം നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം പ്രസാധകരിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>കൺവീനർ ഹാജരാക്കിയ ബില്ലുകൾ പരിഗണിക്കാതെ, എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു- നിരാകരിക്കുന്ന തുക-81621/- രൂപ</u>

ഗുണഭോക്തൃ സമിതി വഴി തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ,

കൺവീനർ ഹാജരാക്കിയ ബില്ലുകൾ പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു നൽകി. ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം, എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണോ കുറവ് അതാണ് ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടത്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചുമൂലം കൺവീനർക്ക് അധികം തുക നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിവരം | കൺവീനർ ഹാജരാക്കിയ ചെലവ് രേഖകളുടെ വിവരം | കൺവീനർക്ക് നൽകിയ തുകയുടെ വിവരം | കൺവീനർക്ക് നൽകാവുന്ന തുക (രൂ) | അധികം നൽകിയ തുക (രൂ) |
|---|---|---|---|---|
| നം.S0003/17<br>വേങ്കോട് കോളനി നടപ്പാലം നിർമ്മാണം<br>അടങ്കൽ-200000/-രൂപ(Plan-SCP)<br>കണവീനർ-ലാൽകുമാർ.പി.<br>എഗ്രിമെന്റ് നം/തീയതി-71/AE/LSGD/PPY 15-16/30.9.2015<br>ബിൽ നം/തീയതി-2/16-7/ 26.10.16<br>തുക-200000/-രൂപ<br>എം.ബുക്ക് നം-75/15-16 | സിമന്റ്-42000/-രൂപ<br>മെറ്റൽ, എം.സാന്റ്-22400/-രൂപ<br>കമ്പി-21684/-രൂപ<br>മസ്റ്റർ റോൾ-17200/-രൂപ<br>ആകെ-103284/-രൂ. | പ്രവൃത്തിമൂല്യം-188679/-രൂപ<br>(+)VAT 5%-9434/-രൂപ<br>WF 1% 1887<br>-------------<br>200000/-രൂപ<br>(-)VAT 5%-9434/-രൂപ<br>IT 2%-3774/-രൂപ<br>WF 1%-1887 15095/-രൂപ<br>------------<br>കൺവീനർക്ക് നൽകിയ തുക= 184905/-രൂപ | 103284 | 81621 |

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/8.6.2017) ലഭ്യമാക്കിയ മറുപടിയിൽ "കൺവീനർമാർ ഹാജരാക്കിയ മിനിട്ട്സ് ബുക്ക് പ്രകാരം, ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ചിരിക്കുന്ന തുകയും, എസ്റ്റിമേറ്റ് നിരക്കു പ്രകാരം പ്രവൃത്തിമൂല്യം കണക്കാക്കിയ തുകയും താരതമ്യപ്പെടുത്തിയതിൽ നിന്നും, എസ്റ്റിമേറ്റ്

നിരക്കു പ്രകാരം പ്രവൃത്തിമൂല്യം കണക്കാക്കിയ തുക കുറവായതിനാലാണ് ആയതിന്റെ നികുതികൾ കഴിച്ചുള്ള തുക കൺവീനർക്ക് നൽകിയിട്ടുള്ളത്" എന്ന് സൂചിപ്പിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ചിരിക്കുന്ന തുകയുള്ള മുഴുവൻ ചെലവ് രേഖകളും കൺവീനർ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ, കൺവീനർ ക്ലെയിം ചെയ്യിട്ടില്ലാത്ത ചെലവുകൾ സന്നദ്ധ സേവനമായി മാത്രമേ കണക്കാക്കാൻ കഴിയൂ.

ഈ സാഹചര്യത്തിൽ, അധികം നൽകിയ 81621/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 പെൺകുട്ടികൾക്ക് ഷീ പാഡ് - പദ്ധതി വർഷം അവസാനിച്ചിട്ടും പാഡ് വിതരണം നടത്തിയില്ല.

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ എസ്. 0108/2016-17, “6 മുതൽ 12 ക്ലാസ് വരെ പഠിക്കുന്ന പെൺകുട്ടികൾക്ക് ഷീപ്പാഡ്” എന്ന പദ്ധതിയിലാണ് പദ്ധതി വർഷം അവസാനിച്ചിട്ടും പാഡ് വിതരണം നടത്താതിരുന്നത്.

| | | | |
|---|---|---|---|
| അടങ്കൽ (വികസനഫണ്ട്) | ജനറൽ | 1,32,498 | 4,00,000 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,67,502 | |
| ചെലവ് (വികസനഫണ്ട്) | ജനറൽ<br>ബിൽ നമ്പർ 13/17.11.2016 | 1,32,498 | 2,00,000 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ നമ്പർ 14/17.11.2016 | 37,502 | |

2016-17 അദ്ധ്യയന വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിലെ 1921 വിദ്യാർത്ഥിനികൾക്കായി ഷീപാഡ് വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിലേക്കായി അടങ്കൽ തുകയുടെ 50% ആയ 2,00,000/- രൂപ 2016 നവംബർ മാസം 18-ാം തീയതി ഡി.ഡി.നമ്പർ 863859 പ്രകാരം വനിതാ വികസന കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്(കൈപ്പറ്റ് രസീത് നമ്പർ 1203/29.11.2016). എന്നാൽ അടുത്ത അധ്യയന വർഷം ആരംഭിച്ച് ദിവസങ്ങൾ കഴിഞ്ഞിട്ടും പദ്ധതി

നടപ്പിലാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/12.06.2017 നുള്ള മറുപടിയിൽ വനിതാ വികസന കോർപ്പറേഷൻ ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ താമസിച്ചതിനാൽ 2017-2018 സാമ്പത്തിക വർഷം മാത്രമേ ഷീ പാഡ് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അഡ്വാൻസായി നൽകിയ 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നടപടി പൂർത്തീകരിച്ച് വിതരണ വിവരം ഹാജരാക്കിതടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 160000 | സമഗ്ര നെൽകൃഷി വികസനം | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 144000 | സമഗ്ര നെൽകൃഷി വികസനം | 144000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 17,625 | തെങ്ങ് കൃഷി വികസനം | 17625 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 20925 | വാഴകൃഷി വികസനം | 20925 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 298880 | പുനർജ്ജനി | 298880 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | അംഗനവാടി പോഷകാഹാര പദ്ധതി | 348778 | 151222 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 75000 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പഠനസഹായം | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 21600868 | 500000 | 500000 | 0 |
| വാട്ടർ അതോറിട്ടി | കൊട്ടറ വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 21600700 | 500000 | 500000 | 0 |
| വാട്ടർ അതോറിട്ടി | കുന്നംവാരം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 21600899 | 100000 | 100000 | 0 |
| വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 21601004<br>21601144<br>21601145 | 1416816 | 1416816 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600887 | 499945 | 499945 | 0 |
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ | 21600963 | 127949 | 127949 | 0 |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | | | | |
| കെ.എസ്.ഇ.ബി. | പട്ടിക ജാതി കോളനിയിൽ പൈപ്പ് ലൈൻ | 216006 | 150000 | 150000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 & 2014-15 | 2-3 | 2500 | മാവേലി സ്റ്റോർ | 11601100158/ 07.04.16 |
| | | 2500 | ചാവടിയിൽ ജഹോഷ് ഓഡിറ്റോറിയം | 11601100231/ 12.04.16 |
| | | 720 | പി.ഐ. വർഗ്ഗീസ് | 11601100228/ 12.04.16 |
| | | 1080 | രാമചന്ദ്രൻ നായർ | 11601100208/ 11.04.16 |
| | | 720 | മുരളീധരൻ നായർ | 11601100211/ 11.04.16 |
| | | 720 | സി.വൈ.ഓമന | 11601100212/ 11.04.16 |
| | | 2500 | ടേസ്റ്റി ബഡ്സ് | 11601100903/ 25.05.16 |

| | | | |
|---|---|---|---|
| | 2500 | മാവേലി സ്റ്റോർ | 11601100158/ 07.04.16 |
| | 2500 | ചാവടിയിൽ ജഹോഷ് ഓഡിറ്റോറിയം | 11601100231/ 12.04.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56310554.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45429622.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 113921.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1197045.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 32300 | ശ്രീമതി. ഇ.അമ്മിണി അമ്മ, സെക്രട്ടറി |
| 3-8 | | 81621 | ശ്രീമതി. ഷീജാമോൾ, അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 31200 | ശ്രീമതി. ഇ.അമ്മിണി അമ്മ, സെക്രട്ടറി |
| 3-3 | 280000 | ശ്രീമതി. വി.എഫ്.നസീമ |
| 3-3 | 639945 | ശ്രീമതി. ഇ.അമ്മിണി അമ്മ, സെക്രട്ടറി. |
| 3-7 | 45900 | ശ്രീ.പി.ഐ.ജോൺ, ഹെഡ്മാസ്റ്റർ. |
| 3-9 | 200000 | ശ്രീമതി.ഇ. അമ്മിണി അമ്മ, സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഇ.അമ്മിണി അമ്മ, സെക്രട്ടറി | വിരമിച്ചു | കേദാരം, വെളിയം പി.ഒ., കൊല്ലം |
| ശ്രീമതി. ഷീജാമോൾ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | ഉഷസ് ഭവൻ, നല്ലില പി.ഒ., കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി1/1319/(5)14 തീ: 20.06.14 |
| 1998-99 | എൽ.എഫ്.ക്യൂ.പി1/1319/(3)14 തീ: 20.06.14 |
| 1999-2000 | എൽ.എഫ്.ക്യൂ.പി1/1319/(15)14 തീ: 20.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി1/1319/(4)14 തീ: 20.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി1/1319/14 തീ: 20.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി1/1319/(12)14 തീ: 20.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി1/1319/(11)14 തീ: 20.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി1/1319/(10)14 തീ: 20.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി1/1319/(9)14 തീ: 20.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി1/1319/(8)14 തീ: 20.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി1/1319/(1)14 തീ: 20.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി1/1319/(12)14 തീ: 20.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി1/1319/(13)14 തീ: 20.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി1/1319/(16)14 തീ: 20.06.14 |
| 2011-12 | എൽ.എഫ്.ക്യൂ.പി1-2060/13 തീ: 16.12.13 |
| 2012-13 | എൽ.എഫ്.ക്യൂ.പി1-402/15, തീ: 7.4.15/3.6.15 |
| 2013-14 & 2014-15 | കെ എസ് എ. കെ എൽ എം പി-1/228/2016 തീ : 15-02-2016 |
| 2015-16 | കെ എസ് എ. കെ എൽ എം പി-1/1839/2016 തീ : 06-02-2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

**4-10** ഓഡിറ്റ് സാക്ഷ്യപത്രം
കെ.എസ്.എ. കെ.എൽ.എം - പി.6/10853/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി – 24/06/2017

1994- ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൻെറ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൻെറ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം